പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3762 11.12.2018-ലെ മറുപടിക്ക്

## എറണാകുളം കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാന്റ് നവീകരണം

**ചോദ്യം**

ശ്രീ.ജോൺ ഫെർണാണ്ടസ്

**മറുപടി**

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | എറണാകുളം കെ.എസ്.ആർ.ടി.സി ബസ്സ്റ്റാന്റ് നവീകരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) യും (ബി) യും | കെ.എസ്.ആർ.ടി.സി എറണാകുളം ബസ് സ്റ്റേഷനിൽ ഒരു ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്ന പ്രവൃത്തി സർക്കാർ അംഗീകൃത External Agency-യെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിക്കുകയും അതിൻ പ്രകാരം എല്ലാ External Agency-കൾക്കും ടി പ്രവൃത്തി ഏറ്റെടുത്ത് ചെയ്യുന്നതിനുള്ള സന്നദ്ധത അറിയിക്കുന്നതിനായി ഇ-മെയിൽ മുഖാന്തിരവും കത്ത് മുഖേനയും അറിയിപ്പ് നൽകുകയും ചെയ്തിരുന്നു. തുടർന്ന്, M/s. INKEL Limited എന്ന സ്ഥാപനം പ്രസ്തുത പ്രവൃത്തിയ്ക്കായി ഒരു പ്രൊപ്പോസൽ സമർപ്പിച്ച് പ്രവൃത്തി ചെയ്യുന്നതിനുള്ള സന്നദ്ധത അറിയിച്ചിട്ടുണ്ട്. ഇതനുസരിച്ച് പ്രസ്തുത സ്ഥാപനത്തിന് ടി പ്രവൃത്തി ചെയ്യുന്നതിനുള്ള അനുമതി നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.<br>M/s. INKEL Ltd. സമർപ്പിച്ച പ്രൊപ്പോസൽ കെ.എസ്.ആർ.ടി.സി.യിലെ ഉന്നത ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ വിശകലനം ചെയ്യുകയും മാറ്റങ്ങൾ വരുത്തി സമർപ്പിക്കുന്നതിന് M/s. INKEL Ltd.ന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഇതിന്റെ രൂപരേഖയുടെ പകർപ്പ് ലഭ്യമാക്കാമോ; | | |
| (സി) | ഈ പദ്ധതിക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ? | (സി) | കിഫ്ബി അംഗീകാരം ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ